بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**17-07-2026**

# നബിതിരുമേനി(സ)യുടെ നന്ദിപ്രകടനത്തിന്റെ ഉദാത്ത മാതൃക

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാത്തിഹയും പാരായണം ചെയ്തതിനു ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) ഇപ്രകാരം അരുളി:

അല്ലാഹു മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുൻപ് അവന്റെ ഗുണത്തിനായി അസംഖ്യം അനുഗ്രഹങ്ങൾ സൃഷ്ടിക്കുകയുണ്ടായി. മനുഷ്യൻ അല്ലാഹുവിന് നന്ദി കാണിക്കുക എന്നതാണ് പ്രസ്തുത അനുഗ്രഹങ്ങൾ ആവശ്യപ്പെടുന്നത്. അല്ലാഹുവിനോട് നന്ദിയുള്ള ദാസന്മാരായിത്തീരണമെന്ന് എല്ലാ പ്രവാചകന്മാരും തങ്ങളുടെ അനുയായികളെ ഉപദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിലെല്ലാം ഉപരിയായി നന്ദിപ്രകടനത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃക കാട്ടിത്തന്നത് നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയാണ്.

നബിതിരുമേനി(സ)യുടെ ആ മാതൃകയെയും പ്രാർത്ഥനകളെയും പ്രവർത്തനരീതിയെയും കുറിച്ചാണ് ഞാൻ ഇന്ന് പ്രതിപാദിക്കുന്നത്. ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: നബിതിരുമേനി(സ) അരുളി: *ഈമാന് രണ്ടു ഭാഗങ്ങളുണ്ട്; പകുതി സഹനവും മറ്റേ പകുതി നന്ദിപ്രകടനവുമത്രേ.*

ഹുസൂർ അൻവർ അരുളി: നാം സഹനവും നന്ദിയുടെ തന്നെ ഒരു വശമാണെന്ന് മനസ്സിലാക്കാവുന്നതാണ്. തുടർന്ന് നബി കരീം (സ) അരുളി: *ഒരു വിശ്വാസി നന്മയുടെ നിറകുടമാകുന്നു. ഈയൊരു സവിശേഷത വിശ്വാസിക്കല്ലാതെ മറ്റാർക്കുമില്ല. അവന് സന്തോഷകരമായ എന്തെങ്കിലും സംഭവിക്കുമ്പോൾ അവൻ ദൈവത്തിന് നന്ദി പറയുന്നു. അതവന് നന്മയായി ഭവിക്കുന്നു. ഇനി എന്തെങ്കിലും പ്രയാസങ്ങളോ കഷ്ടപ്പാടുകളോ നേരിടുകയാണെങ്കിൽ അവൻ സഹനം അവലംബിക്കുന്നു. അതും അവന് നന്മയായിത്തന്നെ ഭവിക്കുന്നു.*

നബിതിരുമേനി(സ) അരുളി: *മനുഷ്യരോട് നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദിയുള്ളവനാകുകയില്ല.* അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കുന്നതോടൊപ്പം തന്നെ സമസൃഷ്ടികളോടും നന്ദിയുള്ളവരായിരിക്കാൻ അവിടുന്ന് അരുളിയിരിക്കുന്നു. ഈ ഒരു തത്വം പ്രാവർത്തികമാക്കുകയാണെങ്കിൽ യഥാർത്ഥ ഇസ്ലാമിക സമൂഹം ഇവിടെ കെട്ടിപ്പടുക്കാൻ സാധിക്കും.

ഹദ്റത്ത് നുഅ്മാൻ ബിൻ ബശീർ (റ) നിവേദനം ചെയ്യപ്പെടുന്നു: നബി കരീം (സ)അരുളി: *അല്പ കാര്യങ്ങളിൽ നന്ദി പ്രകടിപ്പിക്കാത്തവൻആധിക്യം ലഭിച്ചാലും നന്ദിയുള്ളവനാകുകയില്ല. ദൈവാനുഗ്രഹങ്ങളെക്കുറിച്ച് എടുത്തുപറയുന്നതും നന്ദിപ്രകടനമാണ്.* തുടർന്ന് അരുളി: *കൂട്ടായ്മ കാരുണ്യമാണ്; ഭിന്നിപ്പ് ശിക്ഷയും.*

ഹദ്റത്ത് ഉസാമഃ ബിൻ സൈദ് (റ) വിവരിക്കുന്നു: നബിതിരുമേനി(സ) അരുളി: *ഒരാളോട് നന്മ ചെയ്യപ്പെട്ടാൽ അയാൾ നന്മ ചെയ്തവനോട് ജസാകല്ലാഹു ഖൈറൻ എന്ന് പറഞ്ഞാൽ, അയാൾ സ്തുതിയുടെ കടമ നിറവേറ്റിയിരിക്കുന്നു.* അവിടുന്ന് അരുളി: ഒരു ജനതയ്ക്ക് നന്മയും ഐശ്വര്യവും നൽകാൻ അല്ലാഹു ആഗ്രഹിക്കുമ്പോൾ, അവരുടെ ആയുസ്സുകൾ

വർദ്ധിപ്പിച്ചു കൊടുക്കുകയും, നന്ദി പ്രകടിപ്പിക്കാൻ അവർക്ക് ഇൽഹാം നൽകുകയും ചെയ്യുന്നു. അതായത് നന്ദിയുള്ളവരാകാനുള്ള തൗഫീഖ് പകരുകയും ചെയ്യുന്നു.

നബിതിരുമേനി(സ) ഹദ്റത്ത് മുആദ് ബിൻ ജബൽ (റ)ന്റെ കൈപിടിച്ചുകൊണ്ട് അരുളി: *അല്ലയോ മുആദ്! അല്ലാഹുവാണെ സത്യം, ഞാൻ നിന്നെ സ്നേഹിക്കുന്നു. ഓരോ നമസ്കാരത്തിനു ശേഷവും 'അല്ലാഹുവേ, നിന്നെ സ്മരിക്കാനും നിന്നോട് നന്ദിയുള്ളവനാകാനും നിന്നെ മനോഹരമായി ആരാധിക്കാനും എന്നെ നീ സഹായിക്കേണമേ!' എന്നു ചൊല്ലിക്കഴിഞ്ഞല്ലാതെ നമസ്കാരത്തിൽ നിന്ന് വിരമിക്കരുത്.*

മറ്റൊരു നിവേദനത്തിൽ, റസൂൽ കരീം (സ) തന്റെ അനുചരന്മാർക്ക് ഈ പ്രാർത്ഥന പഠിപ്പിച്ചുകൊടുത്തതായി വന്നിട്ടുണ്ട്: *'അല്ലാഹുവേ, എല്ലാ കർമങ്ങളിലും സുസ്ഥിരതയും, സന്മാർഗത്തിൽ ദൃഢതയും, നിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിയർപ്പിക്കാനുള്ള തൗഫീഖും,നിന്നോടുള്ള ആരാധനകളിൽ സൗന്ദര്യവും, സത്യം പറയുന്ന നാവും ഞാൻ നിന്നോട് തേടുന്നു. പരിശുദ്ധമായ ഹൃദയത്തോടെ ഞാൻ നിന്നിൽ അഭയം പ്രാപിക്കുന്നു, നീ അറിയുന്ന സകല തിന്മകളിൽ നിന്നും സംരക്ഷണം തേടുകയും നീ അറിയുന്ന സകല നന്മകളും ഞാൻ നിന്നോട് യാചിക്കുകയും ചെയ്യുന്നു. നിന്റെ പൊറുക്കലിനെയും ഞാൻ തേടുന്നു.'*

നബിതിരുമേനി(സ)യോട് ഒരാൾ ചോദിച്ചു: നമസ്കാരത്തിൽ ചൊല്ലാവുന്ന ഏറ്റവും ഉത്തമമായ പ്രാർത്ഥന ഏതാണ്? അവിടുന്ന് അരുളി: *'അല്ലാഹുവേ! സകല സ്തുതികളും നിനക്ക് മാത്രം. സകല നന്ദിയും നിനക്ക് മാത്രം. സർവാധികാരവും നിന്റേതാണ്, സമസ്ത സൃഷ്ടികളും നിന്റേതു മാത്രമാണ്;നിന്നിലേക്കു മാത്രമാണ് ഓരോ കാര്യത്തിന്റെയും മടക്കം. സകല നന്മകളും നാം നിന്നോട് തേടുകയും, സകല തിന്മകളിൽ നിന്നും നിന്നോട് അഭയം തേടുകയും ചെയ്യുന്നു.'*

തുടർന്ന് അങ്ങയുടെ മറ്റൊരു പ്രാർത്ഥന ഇപ്രകാരം കാണാൻ സാധിക്കും:

*എന്റെ നാഥാ! എന്നെ നീ സഹായിക്കേണമേ, എനിക്കെതിരായി ആരെയും സഹായിക്കരുതേ! എനിക്ക് നീ പിന്തുണയേകണമേ. എനിക്കെതിരെ ആർക്കും പിന്തുണ നൽകരുതേ! എനിക്ക് അനുകൂലമായി നീ തന്ത്രം അവിഷ്കരിക്കേണമേ. എനിക്കെതിരായി തന്ത്രം പ്രയോഗിക്കരുതേ! എനിക്ക് നീ സന്മാർഗ്ഗം നൽകിയാലും! എന്റെ സന്മാർഗ്ഗത്തെ എനിക്ക് എളുപ്പമാക്കിത്തരേണമേ! എന്നോട് അതിക്രമം കാട്ടിയവനെതിരെ എന്നെ നീ സഹായിക്കേണമേ! അല്ലാഹുവേ, നിന്നോട് വളരെയധികം നന്ദിയുള്ളവനും നിന്നെ നിരന്തരം സ്മരിക്കുന്നവനും നിന്നെ ഭയപ്പെടുന്നവനും, നിന്നെ അനുസരിക്കുന്നവനും, നിന്നിലേക്ക് അത്യധികം തൗബ ചെയ്ത് മടങ്ങുന്നവനുമാക്കി എന്നെ നീ മാറ്റേണമേ. എന്റെ നാഥാ! എന്റെ തൗബ സ്വീകരിക്കുകയും എന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുകയും എന്റെ തെളിവുകൾക്ക് സ്വീകാര്യത നൽകുകയും എന്റെ ഹൃദയത്തിന് സന്മാർഗ്ഗം നൽകുകയും എന്റെ നാവിനെ ചൊവ്വാക്കുകയും എന്റെ ഹൃദയത്തിൽനിന്നു വിദ്വേഷം ദൂരീകരിക്കുകയും ചെയ്യേണമേ.*

പിന്നീട് മറ്റൊരു പ്രാർത്ഥന കൂടിയുണ്ട്:

*അല്ലാഹുവേ! നീ എന്നെ നിന്നോട് അത്യധികം നന്ദികാണിക്കുന്നവനും, നിന്നെ അത്യധികം സ്മരിക്കുന്നവനും നിന്റെ ഉപദേശങ്ങൾ പിൻപറ്റുന്നവനും, നിന്റെ നിർദിഷ്ട കൽപ്പനകൾ ഓർത്തു വയ്ക്കുന്നവനുമാക്കി മാറ്റേണമേ!*

ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി: ഒരു മനുഷ്യൻ ഈ പ്രാർത്ഥന ദിവസവും പതിവാക്കുകയാണെങ്കിൽ, അവന്റെ മനസ്സിൽ തെറ്റായ ചിന്തകൾ ഉദിക്കുകയില്ല; അവൻ തെറ്റായ കാര്യങ്ങളിൽ ഏർപ്പെടുകയുമില്ല.

നബിതിരുമേനി(സ)യും അവിടുത്തെ സ്വഹാബാക്കളും(റ)പുതുമഴയുടെആദ്യതുള്ളികൾകൊള്ളാറുണ്ടായിരുന്നു. അവിടുന്ന് അരുളുമായിരുന്നു: *അത്യുന്നതനായ നാഥനിൽ നിന്ന് വന്ന നവ്യാനുഗ്രഹമാണിത്.* ഇങ്ങനെ മഴപെയ്യുമ്പോഴും അവിടുന്ന് അല്ലാഹുവിന് നന്ദിയർപ്പിക്കുമായിരുന്നു.

ശൗച്യാലയത്തിൽ നിന്നും പുറത്തുവരുമ്പോൾ നബി കരീം(സ) ഇപ്രകാരം ദുആ ചെയ്യുമായിരുന്നു: *എനിക്ക് ദോഷകരമായ വസ്തുവിനെ എന്നിൽ നിന്ന് അകറ്റിക്കൊണ്ട് എനിക്ക് ആരോഗ്യം പ്രദാനം ചെയ്ത അല്ലാഹുവിനാകുന്നു സകല സ്തുതികളും.*

രാത്രി കിടപ്പറയിൽ ഉറങ്ങാൻ കിടക്കുമ്പോൾ അവിടുന്ന് ഇങ്ങനെ ദുആ ചെയ്യുമായിരുന്നു: *അല്ലാഹുവേ, നിന്റെ നാമത്തിൽ തന്നെയാണ് ഞാൻ മരിക്കുന്നതും ജീവിക്കുന്നതും.* ഉറക്കത്തിൽ നിന്ന് ഉണരുമ്പോൾ ഇങ്ങനെ ദുആ ചെയ്തു: *നമ്മെ മരിപ്പിച്ചതിന് ശേഷം വീണ്ടും ജീവിപ്പിച്ച അല്ലാഹുവിനാണ് സകല സ്തുതികളും; നമ്മുടെ മടക്കവും അവനിലേക്ക് തന്നെ.*

ഭക്ഷണം കഴിക്കാൻ തുടങ്ങുമ്പോൾ അവിടുന്ന് അല്ലാഹുവിന് നന്ദി പറയുമായിരുന്നു; പുതിയ വസ്ത്രം ധരിക്കുമ്പോഴും അല്ലാഹുവിനോട് കൃതജ്ഞത കാട്ടുമായിരുന്നു. ചുരുക്കത്തിൽ, അല്ലാഹുവിന് നന്ദി പറയാത്തതോ അവനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്യാത്തതോ ആയ ഒരു നിമിഷം പോലും അവിടുത്തെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല.

ഒരിക്കൽ നബി കരീം(സ)യുടെ സന്നിധിയിൽ ചീകിയൊതുക്കാത്ത, ജഡപിടിച്ച മുടിയുള്ള ഒരാൾ വരികയുണ്ടായി. അവിടുന്ന് അരുളി: *തന്റെ മുടി നന്നാക്കി വെക്കാൻ തക്കവിധമുള്ള യാതൊന്നും ഇയാൾക്ക് ലഭിക്കുന്നില്ലേ?* അതിനുശേഷം അഴുക്കുപിടിച്ച വസ്ത്രം ധരിച്ച മറ്റൊരു വ്യക്തിയെ കണ്ടപ്പോൾ അവിടുന്ന് ചോദിച്ചു: *തന്റെ വസ്ത്രം കഴുകിയെടുക്കാൻ പാകത്തിന് കുറച്ച് വെള്ളം പോലും ഇയാൾക്ക് ലഭിക്കുന്നില്ലേ?*

നബി തിരുമേനി(സ)അരുളി: *ഹൃദയത്തിൽ അണു അളവിലെങ്കിലും അഹങ്കാരമുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല.* അപ്പോൾ ഒരാൾ പറഞ്ഞു: തന്റെ വസ്ത്രം നല്ലതായിരിക്കണമെന്നും, തന്റെ ചെരിപ്പ് നല്ലതായിരിക്കണമെന്നുമല്ലെ ഒരു മനുഷ്യൻ ആഗ്രഹിക്കുക? അവിടുന്ന് അരുളി: *അല്ലാഹു സുന്ദരനും, സൗന്ദര്യം ഇഷ്ടപ്പെടുന്നവനുമാണ്; അതിൽ യാതൊരു സംശയവുമില്ല! എന്നാൽ അഹങ്കാരം എന്നുവെച്ചാൽ താൻ വലിയവനാണെന്ന ഭാവത്താൽ സത്യത്തെ നിഷേധിക്കുകയും, ആളുകളെ നിസ്സാരരായി കാണുകയുമാണ്.*

ബദർ യുദ്ധവേളയിൽ സത്യനിഷേധികളുടെ നാശത്തിലും, അല്ലാഹു നൽകിയ മഹത്തായ വിജയത്തിലും അവിടുന്ന് അല്ലാഹുവിന് നന്ദിയർപ്പിച്ചു. അതുപോലെതന്നെ, മക്കാ വിജയവേളയിലും അവിടുന്ന് നന്ദിപ്രകടിപ്പിച്ച് പ്രാർഥിച്ചതായി പരാമർശം കാണാം. ആ സന്ദർഭത്തിൽ അവിടുന്ന് ഹദ്റത്ത് ഉമ്മു ഹാനി (റ)യുടെ വീട്ടിൽ വെച്ച് 8 റക്അത്ത് ളുഹാ നമസ്കാരം നിർവഹിച്ചു.

അവസാന ഹജ്ജ് വേളയിൽ നബി കരീം (സ) യുടെ ഒരു പ്രാർത്ഥന ഇപ്രകാരം കാണപ്പെടുന്നുണ്ട്:

*ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല. അവൻ ഏകനാണ്, അവന് യാതൊരു പങ്കുകാരനുമില്ല. ആധിപത്യം അവന് മാത്രമുള്ളതാണ്, സകല സ്തുതികളും അവനുള്ളതത്രേ. അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണ്. അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ല; അവൻ തന്റെ വാഗ്ദാനം പൂർത്തീകരിക്കുകയും, തന്റെ ദാസനെ സഹായിക്കുകയും, ശത്രുസൈന്യത്തെ തനിയെ തുരത്തിയോടിക്കുകയും ചെയ്തിരിക്കുന്നു.*

നബിതിരുമേനി(സ) അരുളി: *രണ്ടു ഗുണങ്ങൾ ഏത് വ്യക്തിയിലാണോ കാണപ്പെടുന്നത്, അല്ലാഹു അവനെ ക്ഷമാശീലനും നന്ദിയുള്ളവനുമായി രേഖപ്പെടുത്തുന്നതാണ്. ഒന്നാമത്തേത്: ഒരാൾ ദീനീകാര്യത്തിൽ തന്നേക്കാൾ ഉയർന്നവനിലേക്ക് നോക്കുകയും അവനെ അനുഗമിക്കുകയും ചെയ്യുക. രണ്ടാമത്തേത്: ലൗകിക കാര്യത്തിൽ തന്നേക്കാൾ താഴ്ന്ന നിലയിലുള്ളവനിലേക്ക് നോക്കുകയും, തുടർന്ന് തനിക്ക് ലഭിച്ച അനുഗ്രഹങ്ങൾക്ക് അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യുക.*

അവിടുന്ന് അരുളി: *നിങ്ങൾ നിങ്ങളേക്കാൾ താഴെയുള്ളവരിലേക്ക് നോക്കുക; നിങ്ങളേക്കാൾ മുകളിലുള്ളവരിലേക്ക് നോക്കാതിരിക്കുക. അല്ലാഹു നൽകിയ അനുഗ്രഹത്തെ നിങ്ങൾ തുച്ഛമായി കാണാതിരിക്കാൻ ഏറ്റവും അനുയോജ്യമായ നിലപാട് ഇതാണ്.*

തുടർന്ന് അരുളി: നാലു കാര്യങ്ങൾ ആർക്കാണോ നൽകപ്പെട്ടിട്ടുള്ളത്, അവന് ദുനിയാവിന്റെയും ആഖിറത്തിന്റെയും സകല നന്മകളും നൽകപ്പെട്ടു കഴിഞ്ഞു: 1. നന്ദിയുള്ള ഹൃദയം 2. ദിക്ർ ചെയ്യുന്ന നാവ് (ദിക്റെ ഇലാഹി), 3. പരീക്ഷണ ഘട്ടങ്ങളിൽ ക്ഷമ കൈക്കൊള്ളുന്ന ശരീരം, 4. തന്റെ ചാരിത്രശുദ്ധിയിലും ഭർത്താവിന്റെ കാര്യത്തിലും യാതൊരു വഞ്ചനയും

കാണിക്കാത്ത ഭാര്യ.
ഹദ്റത്ത് ആയിശ (റ) വിവരിക്കുന്നു: നബി കരീം (സ) സദാസമയം അല്ലാഹുവിനെ ദിക്ർ ചെയ്യുമായിരുന്നു. റസൂൽ കരീം(സ) തന്റെ ഉമ്മത്തിന് നന്ദിപ്രകടനത്തിന്റെ അത്യുന്നത മാതൃകകൾ കാട്ടിത്തരികയും, നന്ദിയുള്ളവരായി ജീവിക്കാൻ നമ്മെ ഉപദേശിക്കുകയും ചെയ്തു.

ഖുതുബയുടെ അവസാനം ഹുസൂർ അൻവർ അരുളി: ഇൻശാ അല്ലാഹു തആലാ, അടുത്ത വെള്ളിയാഴ്ച മുതൽ ജമാഅത്തെ അഹ്മദിയ്യ യുകെ.യുടെ ജൽസ സാലാന ആരംഭിക്കുകയാണ്. അല്ലാഹു തആലാ ഇതിനെ എല്ലാ അർത്ഥത്തിലും അനുഗ്രഹീതമാക്കട്ടെ എന്ന് പ്രാർത്ഥിക്കുക. എല്ലാ നിലയിലും അല്ലാഹു ഇതിനെ കാത്തുരക്ഷിക്കുമാറാകട്ടെ. കാലാവസ്ഥയുടെ കാഠിന്യവും ചൂടും കാരണം ചില പ്രയാസങ്ങളുമുണ്ട്; അല്ലാഹു എല്ലാ വിധത്തിലും തന്റെ സംരക്ഷണത്തിൽ വയ്ക്കുമാറാകട്ടെ. ചൂടിൽ നിന്നുകൊണ്ട് ജോലി ചെയ്യേണ്ടി വരുന്ന ഡ്യൂട്ടിയിലുള്ള ജീവനക്കാർക്ക്- കഠിനമായ ഡ്യൂട്ടികളാണ് അത്- അല്ലാഹു ഉത്തമമായ രീതിയിൽതങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാനുള്ള തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ
یُّضْلِلْہُ فَلَا ھَادِیَ لَہٗ۔وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ
مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَآءِ
وَالْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 17.07.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY HARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516